# സാമൂഹികക്ഷേമ പദ്ധതികൾ

## ഇന്ത്യയിലെ സാമൂഹികക്ഷേമ പരിപാടികളുടെ നാൾവഴികൾ

### ശ്രീനികേതൻ പരീക്ഷണം (1921)

- ഇന്ത്യയിലെ ആദ്യത്തെ ഗ്രാമവികസന പരിപാടി
- ശ്രീനികേതൻ പരീക്ഷണം ആരംഭിച്ചത് - **രവീന്ദ്രനാഥ ടാഗോർ, ശാന്തിനികേതന് സമീപമുള്ള സുരുൾ ഗ്രാമത്തിൽ**

### മാർത്താണ്ഡം പ്രോജക്റ്റ് (1921)

- ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഗ്രാമവികസന പരിപാടി.
- മാർത്താണ്ഡം പ്രോജക്റ്റ് തുടങ്ങിയത് - **തമിഴ്നാട്ടിലെ മാർത്താണ്ഡത്ത്**
- നേതൃത്വം നൽകിയത് - **ഡോ. സ്പെൻസർഹാച്ച്**

### ഗുർഗാവോൺ പരീക്ഷണം (1927)

- ആരംഭിച്ചത് - **പഞ്ചാബിലെ ഗുർഗവോണിൽ (ഇപ്പോൾ ഹരിയാനയിൽ)**
- നേതൃത്വം നൽകിയത് - **എഫ്.എൽ ബ്രയൻ**

### സേവാഗ്രാം (1936)

- ആരംഭിച്ചത് - **മഹാരാഷ്ട്രയിലെ വാർധയിൽ**
- നേതൃത്വം നൽകിയത് - **മഹാത്മാ ഗാന്ധി**
- ഫിർക്ക പദ്ധതി - **വർഷം 1946**
- ലക്ഷ്യം - **ഗ്രാമങ്ങളുടെ വികസനം**
- മാതൃക - **ഗാന്ധിജിയുടെ ഗ്രാമസ്വരാജ്**
- ആരംഭിച്ചത് - **മദ്രാസ് സർക്കാർ**

Career Focus

### നിലോക്കേരി പ്രോജക്റ്റ് (1948)

- ഇന്ത്യാ-പാക് വിഭജനത്തെത്തുടർന്ന് പാക്ക് അഭയാർത്ഥികളെ പുനരധിവസിപ്പിക്കുന്നതിനായി നടത്തിയ സംരംഭം.
- നേതൃത്വം നൽകിയത് - **കേന്ദ്ര സാമൂഹിക വികസന മന്ത്രിയായിരുന്ന എസ്.കെ ഡേ**

### ഇട്ടാവാ പദ്ധതി (1948)

- ആരംഭിച്ചത് - **ഉത്തർപ്രദേശിലെ ഇട്ടാവാ ജില്ലയിൽ**
- നേതൃത്വം നൽകിയത് - **ആൽബർട്ട് മേയർ**

### കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം (CDO)

- സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ സാമൂഹിക വികസന പരിപാടി
- ആരംഭിച്ചത് - **1952 October - 2 (ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത്)**
- ലക്ഷ്യം - **ജനപങ്കാളിത്തത്തോടെയുള്ള ഗ്രാമവികസനം**

## ദാരിദ്ര്യനിർമ്മാർജ്ജനവും തൊഴിൽവർദ്ധനവും ലക്ഷ്യമാക്കിയ പ്രധാന പദ്ധതികൾ

### IRDP സംയോജിത ഗ്രാമവികസന പദ്ധതി (Integrated Rural Development Programme)

- IRDP നടപ്പിലാക്കിയത് - **മൊറാർജി ദേശായി**
- ആരംഭിച്ചത് - **1978-ൽ**
- പ്രഖ്യാപിത ലക്ഷ്യം - ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തി അവർക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ട സ്വയംതൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സഹായം നൽകുക.
- ഈ പദ്ധതി ഇന്ത്യയൊട്ടാകെ നടപ്പിലാക്കിയത് - **1980 മുതൽ**
- ഈ പദ്ധതിപ്രകാരം ലഭിക്കുന്ന ധനസഹായം - **4000 രൂപ**
- 1999-ൽ ഈ പദ്ധതി സ്വർണ്ണജയന്തി ഗ്രാംസ്വരോസ്ഗാർ യോജന (SGSY) യിൽ ലയിച്ചു.

**ഗ്രാമീണ സ്വയംതൊഴിൽ പദ്ധതി (TRYSEM - Training of Rural Youth for Self Employment)**

- ആരംഭിച്ച വർഷം - **1979 Aug 15 (5 -ാം പഞ്ചവത്സര പദ്ധതി)**
- ലക്ഷ്യം - 18നും 35 നുമിടയിൽ പ്രായമുള്ള ഗ്രാമീണ യുവജനങ്ങൾക്ക് സാങ്കേതിക പരിശീലനം നൽകി സ്വയംസംരംഭം ആരംഭിക്കുന്നതിനാവശ്യമായ കഴിവുകൾ വർദ്ധിപ്പിക്കുക, സ്വയം തൊഴിൽ കണ്ടെത്താൻ പ്രാപ്തരാക്കുക.
- TRYSEM - ന്റെ ഉപഭോക്താക്കളിൽ കുറഞ്ഞത് 50% എങ്കിലും SC/ST വിഭാഗങ്ങളിലുള്ളവരാകണം.
- കുറഞ്ഞത് 50% സ്ത്രീകളും ആയിരിക്കണം.
- 1999 ഏപ്രിൽ 1-ന് TRYSEM, SGSY- യിൽ ലയിച്ചു.

**ഗ്രാമീണ വനിത-ശിശു വികസന പരിപാടി (DWCRA- Development of Women and Children Rural Areas)**

- ആരംഭിച്ചത് - **1982-83**
- ലക്ഷ്യം - ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ കുടുംബത്തിലെ വനിതകളുടെ കൂട്ടായ്മയിലൂടെ തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക.
- ആരംഭത്തിൽ 50 ജില്ലകളിൽ നിലവിൽ വരികയും പിന്നീട് രാജ്യത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിച്ചു.
- ഏപ്രിൽ 1, 1999 ൽ **DWCRA** സ്വർണ്ണജയന്തി ഗ്രാം സ്വരോസ്ഗാർ യോജനയിൽ ലയിച്ചു.

### SITRA - Supply of Improved Toolkits to Rural Artisans)

- ആരംഭിച്ചത് - **1992-ൽ**
- IRDP യുടെ ഒരു ഉപപദ്ധതിയായി ആരംഭിച്ച പദ്ധതി.
- ലക്ഷ്യം - ഗ്രാമീണ കൈത്തൊഴിലുകാർക്കാവശ്യമായ ഉപകരണങ്ങളും മറ്റും സബ്സിഡി നിരക്കിൽ നൽകുക.
- 1999 ഏപ്രിൽ 1-ന് SGSY യുമായി ലയിച്ചു.

**ദശലക്ഷം കിണർ പദ്ധതി (MWS -Million Well Scheme)**

- ആരംഭിച്ചത് - **1988-89 (7-ാം പഞ്ചവത്സര പദ്ധതി)**
- നടപ്പിലാക്കിയത് - **രാജീവ് ഗാന്ധി സർക്കാർ**
- ലക്ഷ്യം - SC/ST വിഭാഗങ്ങളിൽപ്പെട്ട പാവപ്പെട്ടവർക്ക് ചെറുകിട കർഷകർക്ക് കൃഷി ആവശ്യങ്ങൾക്കായി സൗജന്യമായി കിണറുകൾ നിർമ്മിച്ച് നൽകുക.
- 1999-ൽ MWS, JRY യുമായി ലയിച്ചു.

**സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (SGSY)**

- ആരംഭിച്ചത് - **1999 ഏപ്രിൽ 1 (9ാം പഞ്ചവത്സര പദ്ധതി)**
- നടപ്പിലാക്കിയത് - **എ.ബി. വാജ്പേയി**
- IRDP, TRYSEM, DWCRA, SITRA, MWS തുടങ്ങിയ പദ്ധതികളെ സംയോജിപ്പിച്ച് SGSY രൂപംകൊണ്ടു.
- SGSY യുടെ പുനർമാതൃക - **നാഷണൽ റൂറൽ ലൈവ്ലിഹുഡ്മിഷൻ (NRLM)**

## National Rural Livelihood Mission (NRLM)

- ആരംഭിച്ചത് - **2011 ജൂൺ (11ാം പഞ്ചവത്സര പദ്ധതി)**
- നടപ്പിലാക്കിയത് - **മൻമോഹൻ സിങ് (ഗ്രാമീണവികസന മന്ത്രാലയത്തിന്റെ കീഴിൽ)**
- SGSYയുടെ പുനഃമാതൃകയായ പദ്ധതി - **NRLM**
- ലക്ഷ്യം - സ്വയം സഹായ സംഘങ്ങൾ (SHG) രൂപീകരിച്ച പാവപ്പെട്ട ഗ്രാമീണരെ സ്വയംതൊഴിലിന് സജ്ജരാക്കുക.
- **ആജീവിക** പരിശീലന പരിപാടി ഏത് പദ്ധതിയുടെ ഭാഗമാണ് - **NRLM**
- NRLM ന് സാമ്പത്തികസഹായം (1 ബില്യൺ യു.എസ് ഡോളർ) നൽകുന്ന സംഘടന - **വേൾഡ് ബാങ്ക്**

- IRDP
- TRYSEM
- DWCRA
- SITRA
- MWS
- GKY

} എന്നിവ ലയിച്ച് 1999 ൽ രൂപം കൊണ്ടത് **SGSY** പുനഃമാതൃക **NRLM** (→ 2011)

Career Focus

**സംയോജിത ശിശുവികസന പദ്ധതി (ICDS - Integrated Child Development Programme)**

- ആരംഭിച്ചത് - **1975 ഒക്ടോബർ 2 (5 -ാം പഞ്ചവത്സര പദ്ധതി)**
- നടപ്പിലാക്കിയത് - **ഇന്ദിരാഗാന്ധി സർക്കാർ**
- മഹാത്മാഗാന്ധിയുടെ 106-ാം ജന്മവാർഷികദിനത്തിൽ നിലവിൽവന്ന പദ്ധതി - **ICDS**
- പദ്ധതിയുടെ ഉപഭോക്താക്കൾ - **6 വയസ്സിനു താഴെയുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ശിശുക്കളുടെ അമ്മമാരായ സ്ത്രീകൾ**
- പദ്ധതിക്ക് നേതൃത്വം നൽകുന്നത് - **വനിതാശിശുക്ഷേമ മന്ത്രാലയം**
- പ്രവർത്തനങ്ങൾ - **പോഷകാഹാരങ്ങളുടെ വിതരണം, പ്രതിരോധ കുത്തിവയ്പ്പുകൾ, സ്കൂളിനു മുമ്പുള്ള അനൗദ്യോഗിക വിദ്യാഭ്യാസം, ആരോഗ്യ പരിശോധനകൾ**
- സേവനം ലഭ്യമാക്കുന്നത് - **അംഗൻവാടി കേന്ദ്രങ്ങളിലൂടെ (1000 പേർക്ക് 1 അംഗൻവാടി വീതം)**
- 6 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് 300 കലോറിയും കൗമാരക്കാരായ കുട്ടികൾക്ക് 25 കിലോഗ്രാം പ്രോട്ടീനും 500 കലോറിയും ലഭ്യമാക്കുന്ന തരത്തിലായിരിക്കും പോഷകാഹാരം നൽകുന്നത്.
- ICDS നാവശ്യമായ വിതരണ സേവനങ്ങൾ നൽകുന്നത് - **UNICEF**
- ICDS നു സാമ്പത്തിക സാങ്കേതിക സഹായം നൽകുന്ന ലോകസംഘടന - **വേൾഡ് ബാങ്ക്**
- ബ്ലോക് തലത്തിൽ ICDS പദ്ധതിക്ക് നേതൃത്വം നൽകുന്നത് - **ചൈൽഡ് ഡവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ**
- ജില്ലാ തലത്തിൽ ICDS പദ്ധതിക്ക് നേതൃത്വം നൽകുന്നത് - **ഡിസ്ട്രിക്റ്റ് പ്രോഗ്രാം ഓഫീസർ**
- ICDS സേവനം രാജ്യംമുഴുവൻ ലഭ്യമായിത്തുടങ്ങിയ വർഷം - **2005**
- ICDS ന്റെ കീഴിൽ 11-18 വയസ്സ് പ്രായമുള്ള കുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കുന്ന പദ്ധതി - **കിശോരി ശക്തി യോജന**

**Central Rural Sanitation Program (CRSP)**

- ആരംഭിച്ചവർഷം - **1986**
- നടപ്പിലാക്കിയത് - **രാജീവ് ഗാന്ധി**
- ലക്ഷ്യം - ഗ്രാമീണരുടെ ജീവിത നിലവാരം ഉയർത്തുക, ഗ്രാമീണവനിതകളുടെ മാന്യതയും സ്വകാര്യതയും സംരക്ഷിക്കുക
- 1999-ൽ CRSP യുടെ ഭാഗമായി തുടങ്ങിയ പദ്ധതി - **ടോട്ടൽ സാനിറ്റേഷൻ ക്യാംപയ്ൻ**
- CRSP യുടെ ഭാഗമായി പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് നിർമ്മൽ ഗ്രാമപുരസ്കാരം ഏർപ്പെടുത്തി.

Career Focus

**ദേശീയ ഗ്രാമീണ തൊഴിൽ പദ്ധതി (NREP- National Rural Employment Programme)**

- വർഷം - **1980 ഒക്ടോബർ 2 (6 ാം പഞ്ചവത്സര പദ്ധതി)**
- നടപ്പിലാക്കിയത് - **ഇന്ദിരാഗാന്ധി**
- ലക്ഷ്യം - **ഗ്രാമീണ മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക. ഗ്രാമീണ റോഡുകൾ, ജലസംഭരണികൾ, കുടിവെള്ളത്തിനുവേണ്ടി കിണറുകൾ എന്നിവ നിർമ്മിച്ച് ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.**
- 1989-ൽ NREP ഏത് പദ്ധതിയിൽ ലയിച്ചു - **ജവഹർ റോസ്ഗാർ യോജന(JRY)**

**ഗ്രാമീണ ഭൂരഹിത തൊഴിൽ ഭദ്രതാ പരിപാടി (RLEGP - Rural Landless Employment Guarantee Programme)**

- ആരംഭിച്ച വർഷം - **1983 ഓഗസ്റ്റ് 15 (6 ാം പഞ്ചവത്സര പദ്ധതി)**
- നടപ്പിലാക്കിയത് - **ഇന്ദിരാഗാന്ധി സർക്കാർ**
- ലക്ഷ്യം - **ഓരോ കുടുംബത്തിലെയും ഒരാൾക്ക് 90-100 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക.**
- RLEGP ക്ക് പൂർണ്ണ സാമ്പത്തിക സഹായം നൽകുന്നത് - **കേന്ദ്ര ഗവൺമെന്റ്**
- 1989-ൽ RLEGP ഏത് പദ്ധതിയിൽ ലയിച്ചു - **ജവഹർ റോസ്ഗാർ യോജന(JRY)**

**ജവഹർ റോസ്ഗാർ യോജന (JRY)**

- ആരംഭിച്ചത് - **1989 ഏപ്രിൽ 1 (7 ാം പഞ്ചവത്സര പദ്ധതി)**
- NREP യും RLEGP യും ലയിച്ച് രൂപീകരിച്ച പദ്ധതി - **JRY**
- JRY പദ്ധതി നടപ്പിലാക്കിയത് - **രാജീവ് ഗാന്ധി**
- പ്രധാന ലക്ഷ്യം - **BPL കുടുംബങ്ങളിലെ ഒരാൾക്കു വീതം തൊഴിൽ ഉറപ്പാക്കുക**

- JRY യുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് - **പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലൂടെ**
- പദ്ധതിയുടെ ചിലവ് വഹിച്ചത് - **കേന്ദ്രവും സംസ്ഥാനവും 80:20 അനുപാതത്തിൽ**
- 1999 ഏപ്രിൽ 1-ന് JRY ക്കു പകരം നിലവിൽവന്ന പദ്ധതി - **ജവഹർ ഗ്രാമസമൃദ്ധി യോജന (JGSY)**
- JGSY സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജനയിൽ ലയിച്ചത് - **2001 സെപ്റ്റംബർ 25ന്**

**ജവഹർ ഗ്രാമ സമൃദ്ധി യോജന (JGSY)**

- ആരംഭിച്ച വർഷം - **1999 ഏപ്രിൽ 1 (9 ാം പഞ്ചവത്സര പദ്ധതി)**
- നടപ്പിലാക്കിയത് - **എ.ബി. വാജ്പേയി**
- ലക്ഷ്യം - **ഗ്രാമങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ**
- JGSY പദ്ധതി ചിലവ് വഹിക്കുന്നത് - **കേന്ദ്രവും സംസ്ഥാനവും 75:25 അനുപാതത്തിൽ**
- 2001-ൽ Employment Assurance Scheme ഉം JGSY യും ലയിച്ച് സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജനക്ക് (SGRY) രൂപം നൽകപ്പെട്ടു.

**തൊഴിലുറപ്പ് പദ്ധതി (EAS - Employment Assurance Scheme)**

- ആരംഭിച്ചത് - **1993 ഒക്ടോബർ 2**
- പ്രധാന ലക്ഷ്യം - **കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് കാർഷിക സീസണല്ലാത്ത കാലഘട്ടങ്ങളിൽ തൊഴിൽ ഉറപ്പുവരുത്തുക.**
- 2001-ൽ EAS ഉം JGSY യും യോജിച്ച് **സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന** SGRY രൂപീകൃതമായി.

**സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന (SGRY)**

- ആരംഭിച്ചത് - **2001 സെപ്റ്റംബർ 25** (9ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **എ.ബി. വാജ്പേയി**
- ലക്ഷ്യം - **ബി.പി.എല്ലിനു താഴെയുള്ളവർക്ക് ഭക്ഷണവും തൊഴിലും ഉറപ്പുവരുത്തുക.**
- SGRY യ്ക്ക് പകരം നിലവിൽ വന്ന പദ്ധതി - **ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (NREGS)**
- SGRY പദ്ധതി ചിലവ് വഹിക്കുന്നത് - **കേന്ദ്രവും സംസ്ഥാനവും 75:25 അനുപാതത്തിൽ**

Career Focus

**നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാം (NFFWP- National Food for Work Programme)**

- ആരംഭിച്ചത് - **2004 നവംബർ 14** (10ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **Dr. മൻമോഹൻസിംഗ്**
- ലക്ഷ്യം - ഏറ്റവും പിന്നോക്കം നിൽകുന്ന 150-ഓളം ഗ്രാമങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഒരു ദിവസം 5 കിലോഗ്രാം വീതം സൗജന്യമായി ഭക്ഷ്യധാന്യങ്ങളുടെ വിതരണം
- പദ്ധതിചിലവ് - **പൂർണ്ണമായും കേന്ദ്രഗവൺമെന്റ് വഹിക്കുന്നു.**
- ജില്ലാതലത്തിൽ പദ്ധതിയുടെ മേൽനോട്ടം - **ജില്ല കളക്ടർ**
- NFFWP ഏത് പദ്ധതിയുമായി ലയിച്ചു - **ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (NREGS)**
- കൂലിയുടെ ഒരു ഭാഗം ഭക്ഷ്യധാന്യവും ഒരു ഭാഗം പണവുമായി നൽകുന്ന പദ്ധതി - **NFFWP**
- SGRY യും NFFWP ഉം ഏതു പദ്ധതിയിലാണ് ലയിപ്പിച്ചത് - **ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (NREGS)**

**മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNRES)**

- ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമം (National Rural Employment Guarantee Act) പാസാക്കിയത് - **2005 ഓഗസ്റ്റ് 25** (10-ാം പഞ്ചവത്സര പദ്ധതി)
- ഈ പദ്ധതി നടപ്പിലാക്കിയത് - **മൻമോഹൻ സിംഗ്**
- NREGS നിലവിൽ വന്നത് - **2006 ഫെബ്രുവരി 2**
- ലക്ഷ്യം - അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ സന്നദ്ധരായവർക്ക് പ്രതിവർഷം 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി ദാരിദ്ര്യവും തൊഴിലില്ലായ്മയും ലഘൂകരിക്കുക.
- എല്ലാ ജില്ലകളിലേക്കും NREGP വ്യാപിച്ചത് - **2008 ഏപ്രിൽ 1**
- NREG മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) എന്ന് പുനർനാമകരണം ചെയ്തത് - **2009 ഒക്ടോബർ 2ന്**
- MGNREGS യുടെ മൂന്നിലൊന്ന് ഉപഭോക്താക്കളും സ്ത്രീകളായിരിക്കണം.
- തൊഴിലില്ലാത്ത അവസരങ്ങളിൽ നൽകുന്ന തൊഴിലില്ലായ്മ വേതനം - **കൂലിയുടെ നാലിലൊന്ന്**

- ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമം പാസാക്കുന്നതിന് വേണ്ടി പ്രവർത്തിച്ച സംഘടന - **മസ്ദൂർ കിസാൻ ശക്തി സംഘതൻ**
- MGNREA പ്രകാരം താമസസ്ഥലത്തിന് എത്ര കിലോമീറ്റർ ചുറ്റളവിലാണ് തൊഴിൽ ഉറപ്പ് നൽകുന്നത് - **5 കിലോമീറ്റർ**

**Rank Points**

NREGS ഉദ്ഘാടനം ചെയ്തത് - **ആന്ധ്രാപ്രദേശിലെ ബണ്ട്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ വെച്ച്** അന്നത്തെ പ്രധാനമന്ത്രി മൻമോഹൻ സിങ്ങും സോണിയാഗാന്ധിയും

NREGS എല്ലാ ജില്ലകൾക്കും വ്യാപിപ്പിച്ചത് - **2008 ഏപ്രിൽ 1 മുതൽ**

തൊഴിലുറപ്പ് പദ്ധതിയിൽ അംഗമാവാനുള്ള പ്രായം - **കുറഞ്ഞത് 18 വയസ്സ്**

### മഹിളാ സമൃദ്ധി യോജന (MSY)

- ആരംഭിച്ചത് - **1993 ഒക്ടോബർ 2** (8ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **പി.വി. നരസിംഹറാവു സർക്കാർ**
- ലക്ഷ്യം - **സമ്പാദ്യശീലം വളർത്തുകവഴി ഗ്രാമങ്ങളിലെ വനിതകളുടെ സാമ്പത്തികഭദ്രത ഉറപ്പുവരുത്തുക.**
- MSY ക്ക് കീഴിൽ 18 വയസ്സിനു മുകളിലുള്ള ഗ്രാമവാസികളായ സ്ത്രീകൾക്ക് പോസ്റ്റ്ഓഫീസിൽ സേവിംഗ്സ് അക്കൗണ്ടുകൾ തുറക്കാവുന്നതാണ് (4 രൂപയുടെ ഗുണിതങ്ങളായി)
- MSY വഴി ലഭിക്കുന്ന വായ്പാ തുക - **25000**
- ഈ അക്കൗണ്ടിലെ തുക 1 വർഷത്തേക്ക് പിൻവലിച്ചില്ലെങ്കിലും നിക്ഷേപത്തുകയുടെ 25% തുക അക്കൗണ്ടിലേക്ക് ബോണസായി നിക്ഷേപിക്കപ്പെടുന്നു (ഒരു വർഷത്തെ മാക്സിമം ബോണസ് - **300 രൂപ)**
- MSY യുടെ നോഡൽ ഏജൻസി - **വനിതാശിശു ക്ഷേമവകുപ്പ്**
- 2001 ജൂലൈ 12ന് ഈ പദ്ധതി ലയിച്ചത് - **മഹിളാസ്വയംസിദ്ധ യോജ്നയുമായി(MSSY)**

### ഇന്ദിരാ മഹിളാ യോജന (IMY)

- വർഷം - **1995 ഓഗസ്റ്റ് 20**
- നടപ്പിലാക്കിയത് - **പി.വി നരസിംഹ റാവു ഗവൺമെന്റ്**
- ലക്ഷ്യം - **ഗ്രാമങ്ങളിലും നഗരചേരികളിലും ജീവിക്കുന്ന സ്ത്രീകളുടെ ബോധവൽക്കരണവും സാമ്പത്തിക ശാക്തീകരണവും**
- ഇതിനുവേണ്ടി ഓരോ അംഗനവാടികളുടെ കീഴിലും ഇന്ദിരാ മഹിളാ കേന്ദ്രങ്ങൾ സ്ഥാപിതമായി.
- ഇന്ദിരാ മഹിളാ യോജന ലയിച്ചത് - **മഹിളാ സ്വയംസിദ്ധ യോജന (MSSY) യിൽ (2001 ജൂലൈ 12)**

Career Focus

### മഹിള സ്വയം സിദ്ധ യോജന (MSSY)

- ആരംഭിച്ചത് - **2001**
- നടപ്പിലാക്കിയത് - **എ.ബി വാജ്പേയ്**
- ലക്ഷ്യങ്ങൾ - **സ്ത്രീകളിൽ ആത്മവിശ്വാസം ജനിപ്പിച്ച് അവരെ ശാക്തീകരിക്കുക. സ്വാശ്രയ സംഘങ്ങൾ വഴി സ്ത്രീകളെ ബോധവൽക്കരിക്കുക.**
- 2001-ൽ ഇന്ദിരാമഹിളാ യോജന (IMY) മഹിളാസ്വയം സിദ്ധ യോജന (MSSY) യിൽ ചേർന്നു.
- മഹിളാ സ്വയം സിദ്ധയോജന ഗ്രാമീണ വനിതകളുടെ സാമ്പത്തിക നിലവാരം ഉയർത്തുന്നതിൽ വലിയ പങ്കുവച്ചു.
- MSSY യുടെ രണ്ടാം ഘട്ടം തുടങ്ങിയത് 2008ലാണ്. 2018 വരെയാണ് MSSY യുടെ രണ്ടാം ഘട്ടം.
- **MSSY+ IMY $\rightarrow$ MSSY**

### ബാലികാ സമൃദ്ധി യോജന (BSY)

- വർഷം - **1997 ഓഗസ്റ്റ് 15** (9ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **ഐ.കെ ഗുജ്റാൾ ഗവൺമെന്റ്**
- ലക്ഷ്യം - **പെൺകുട്ടികളുടെ ഉന്നമനം, പെൺകുട്ടികളോട് സമൂഹത്തിനും കുടുംബത്തിനുമുള്ള പ്രതികൂല മനോഭാവം മാറ്റുക, പെൺകുട്ടികളുടെ വിവാഹപ്രായം ഉയർത്തുക.**
- പദ്ധതി വിഹിതം - **100% കേന്ദ്രഗവൺമെന്റ്**
- ഉപഭോക്താക്കൾ - **1997 ഓഗസ്റ്റ് 15 നുശേഷം ജനിച്ച BPL കുടുംബത്തിലെ പെൺകുട്ടികൾക്കാണ്** ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നത് - ഒരു കുടുംബത്തിൽ ഏറ്റവും കൂടുതൽ 2 പേർക്ക്

- നഗരപ്രദേശങ്ങളിൽ **ആരോഗ്യവകുപ്പും** ഗ്രാമപ്രദേശങ്ങളിൽ **ICDS** ഉം ആണ് പദ്ധതി നടപ്പിലാക്കുന്നത്.
- BSY പ്രകാരം ഓരോ പെൺകുട്ടിക്കും ലഭിക്കുന്ന പോസ്റ്റ് ബർത്ത് ഗ്രാന്റ് - **Rs. 500/-**
- 18 വയസ്സുപൂർത്തിയാക്കുന്നതോടെ പെൺകുട്ടിക്ക് ഗവൺമെന്റ് അവളുടെ പേരിൽ നിക്ഷേപിക്കുന്ന സ്കോളർഷിപ്പ് തുകയും പലിശയും പിൻവലിക്കുന്നതാണ് (അതുവരെയും വിവാഹിത ആയില്ലെങ്കിൽ)
- BSY യുടെ കീഴിൽ പെൺകുട്ടികൾക്ക് നൽകുന്ന ഇൻഷൂറൻസ് പോളിസി - **ഭാഗ്യശ്രീ ബാലികാ കല്യാൺ ബീമായോജന**

### ഭാരത് നിർമ്മാൺ

- ആരംഭിച്ചത് - **2005** (**10** -ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **മൻമോഹൻസിങ്**
- ലക്ഷ്യം - **ഇന്ത്യയിലെ ഗ്രാമ പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**
- 'ഭാരത് നിർമ്മാൺ' ന്റെ കീഴിൽ വരുന്ന പ്രധാനപദ്ധതികൾ.
- ജലസേചന പദ്ധതികളുടെ വികസനം
- ഗ്രാമപ്രദേശങ്ങളിലെ പാർപ്പിടങ്ങൾ (ഇന്ദിരാ ആവാസ് യോജന വഴി)
- ഗ്രാമങ്ങളിലെ ജലവിതരണം (National Rural Drinking Water Program വഴി)
- ഗ്രാമങ്ങളിലെ വൈദ്യുതിവൽക്കരണം (രാജീവ് ഗാന്ധി ഗ്രാമീണ വിദ്യുതികരൺ യോജന)
- ഗ്രാമങ്ങളിലെ ടെലികമ്മ്യൂണിക്കേഷൻ സൗകര്യങ്ങളുടെ വികസനം

### ഇന്ദിരാ ആവാസ് യോജന (IAY)

- JRY യുടെ ഉപപദ്ധതിയായി IAY ആരംഭിച്ച വർഷം - **1985-86** (7ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **രാജീവ്ഗാന്ധി**
- IAY പ്രകാരം വീടുകൾ നന്നാക്കുന്നതിന് അനുവദിച്ച തുക - **15000 രൂപ**
- IAY പ്രകാരം അനുവദിക്കുന്ന വായ്പ തുക - **20,000 രൂപ വരെ**
- IAY യുടെ ലക്ഷ്യം - **ഗ്രാമീണ മേഖലയിലെ പാവപ്പെട്ടവർക്കുള്ള ഭവന പദ്ധതി**
- IAY പിന്നീട് RLEGP യുടെയും NREP യുടെയും ഭാഗമായി
- IAY പ്രവർത്തിക്കുന്നത് - **ഗ്രാമീണ വികസന മന്ത്രാലയത്തിന് കീഴിൽ**
- ഗുണഭോക്താക്കൾ - വാസയോഗ്യമല്ലാത്ത വീടില്ലാത്തവരും സ്വന്തമായി 2 സെന്റ് ഭൂമിയെങ്കിലും ഉള്ളവരും ആയിരിക്കണം.
- ആദ്യം SC/ST വിഭാഗക്കാരായിരുന്നു പദ്ധതിയുടെ ഉപഭോക്താക്കൾ എങ്കിലും പിന്നീട് ഇതരവിഭാഗങ്ങളിൽപെട്ട പാവപ്പെട്ടവർക്കും മരിച്ചുപോയ ജവാന്മാരുടെ വിധവകൾ, അവരുടെ ബന്ധുക്കൾ, വിമുക്തഭടന്മാർ എന്നിവരും പദ്ധതിയുടെ പരിധിയിൽവന്നു.
- പദ്ധതിച്ചിലവ് - **75:25 അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും പങ്കിട്ടു**
- വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പദ്ധതി വിഹിതം - **90: 10**
- കേന്ദ്രഭരണ പ്രദേശങ്ങളിൽ 100% കേന്ദ്രവിഹിതം
- പദ്ധതിപ്രകാരം വീട് അനുവദിക്കുന്നത് - **അർഹമായ കുടുംബത്തിലെ വനിതയുടെ പേരിൽ, അല്ലെങ്കിൽ ഭാര്യയുടേയും ഭർത്താവിന്റേയും പേരിൽ ഒരുമിച്ച്**
- IAY പ്രകാരം നിർമ്മിക്കുന്ന വീടുകൾ എത്ര വർഷത്തേക്കാണ് കൈമാറ്റം ചെയ്യാൻ സാധിക്കാത്തത് - **15 വർഷത്തേക്ക്**
- IAY ഒരു സ്വതന്ത്ര പദ്ധതിയായത് - **1996 ജനുവരി 1**
- IAY യുടെ പുതിയ പേര് - **നാഷണൽ ഗ്രാമീൺ ആവാസ് മിഷൻ**

### പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (PMGSY)

- ആരംഭിച്ച വർഷം - **2000 ഡിസംബർ 25** (7ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **എ.ബി വാജ്പേയ്**
- ലക്ഷ്യം - 250 മുതൽ 500 വരെ ജനസംഖ്യയുള്ള, റോഡ് സൗകര്യങ്ങളില്ലാതെ കിടക്കുന്ന ആവാസകേന്ദ്രങ്ങളെയും വ്യാപാര കേന്ദ്രങ്ങളെയും എല്ലാ കാലാവസ്ഥയിലും അനുയോജ്യമായ റോഡ് മുഖാന്തരം ബന്ധിപ്പിക്കുവാനായി **100%** കേന്ദ്രസഹായമുള്ള പദ്ധതി.
- 2007 ഓടുകൂടി 500 ൽ ആളുകളിലധികമുള്ള എല്ലാ ഗ്രാമങ്ങളും ഈ പദ്ധതിപ്രകാരം റോഡുമായി ബന്ധിപ്പിച്ചു.

Career Focus

### രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന

- ആരംഭിച്ച വർഷം – **ഏപ്രിൽ 2005**
- നടപ്പിലാക്കിയത് – **മൻമോഹൻസിങ്**
- ലക്ഷ്യം – എല്ലാ ഗ്രാമങ്ങളിലും 4 വർഷത്തിനകം വൈദ്യുതി ലഭ്യമാക്കുക.
- എല്ലാ BPL കുടുംബങ്ങളിലും 100% ക്യാപിറ്റൽ സബ്സിഡിയോടെ ഒരു കണക്ഷൻ 1500 രൂപ വീതം സാമ്പത്തിക സഹായം ലഭ്യമാക്കുക.

### ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (National Rural Drinking Water Programme)

- ഗ്രാമീണ മേഖലയ്ക്ക് അവശ്യമായ ശുദ്ധജലം ലഭ്യമാക്കാനായി കേന്ദ്രസർക്കാർ തുടങ്ങിയ പദ്ധതി

### ഗ്രാമങ്ങളിലെ ടെലികമ്മ്യൂണിക്കേഷൻ സൗകര്യങ്ങളുടെ വികസനം

- ഈ പദ്ധതി പ്രകാരം ടെലിഫോൺ സൗകര്യമില്ലാത്ത 66,822 വില്ലേജുകൾക്ക് ടെലിഫോൺ കവറേജ് നൽകി.
- 2.5 ലക്ഷം പഞ്ചായത്തുകൾക്ക് ബ്രോഡ്ബാന്റ് – കണക്ഷനും ഭാരത് നിർമ്മാൺ സേവ കേന്ദ്രവും പദ്ധതിയുടെ കീഴിൽവരുന്നു.

### രാജീവ് ഗാന്ധി ശ്രമിക് കല്യാൺ യോജന (RGSKY)

- RGSKY നിലവിൽ വന്നത് – **2005 ഏപ്രിൽ 1**
- തൊഴിലില്ലായ്മ വേതനം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി – രാജീവ് ഗാന്ധി ശ്രമിക് കല്യാൺ യോജന
- RGSKY ആരംഭിച്ച ഏജൻസി – **എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷൂറൻസ് കോർപ്പറേഷൻ**
- തൊഴിലില്ലായ്മ വേതനം നൽകുന്ന കാലയളവ് – **12 മാസം**

### പ്രധാനമന്ത്രി റോസ്ഗാർ യോജന (PMRY)

- ആരംഭിച്ചത് – **1993 ഒക്ടോബർ 2** (8ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് – **പി.വി. നരസിംഹറാവു**
- **ലക്ഷ്യങ്ങൾ** – അഭ്യസ്ഥത വിദ്യരായ യുവാക്കൾക്കും വനിതകൾക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകമായ പദ്ധതി.
- ഈ പദ്ധതി പ്രകാരം 7 ലക്ഷം ചെറുകിട വ്യവസായങ്ങൾ തുടങ്ങി ഒരു മില്ല്യണിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പദ്ധതിയിട്ടു.
- PMRY പദ്ധതിപ്രകാരം ബിസിനസ് ആവശ്യങ്ങൾക്ക് **1 ലക്ഷം** രൂപയും കാർഷിക വ്യവസായിക ആവശ്യങ്ങൾക്ക് **2 ലക്ഷം** രൂപയും ലോണായി നൽകുന്നു.
- PMRY രാജ്യം മുഴുവൻ നടപ്പിലാക്കിത്തുടങ്ങിയത് – 1994 ഏപ്രിൽ 1
- പ്രായപരിധി – 18 വയസ്സുമുതൽ 35 വയസ്സുവരെ (സാധാരണ സംസ്ഥാനങ്ങളിൽ)
- 18 മുതൽ 40 വയസ്സ് വരെ (നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിൽ)
- വിദ്യാഭ്യാസ യോഗ്യത – **8–ാം ക്ലാസ്**
- പ്രധാനമന്ത്രി റോസ്ഗാർ യോജന പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ഗ്യാരന്റി പ്രോഗ്രാമിൽ (PMEGP) യിൽ ലയിച്ചത് – **2008 ഏപ്രിൽ 1**

### റൂറൽ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (REGP)

- ആരംഭിച്ച വർഷം – **1995 ഏപ്രിൽ 1** (6–ാം പഞ്ചവത്സരപദ്ധതി)
- നടപ്പിലാക്കിയത് – **പി.വി നരസിംഹറാവു**
- **ലക്ഷ്യങ്ങൾ –**
- ഗ്രാമീണ മേഖലയിലെ ഖാദി വില്ലേജുകളിൽ 2 മില്ല്യൺ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.
- ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരിൽ സ്വയംസംരംഭകശേഷി വികസിപ്പിക്കുക.
- 2008–ൽ ഇത് **PMEGP** യിൽ ലയിച്ചു.

### പ്രൈംമിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (PMEGP)

- ആരംഭിച്ച വർഷം – **2008 ഓഗസ്റ്റ് 15**
- നടപ്പിലാക്കിയത് – **മൻഹോൻസിംഗ്**
- **ലക്ഷ്യങ്ങൾ** – ഗ്രാമങ്ങളിലും നഗരങ്ങളിലും സ്വയംതൊഴിൽ സംരംഭങ്ങളും ചെറുകിട വ്യവസായങ്ങളും തുടങ്ങി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

Career Focus

- **PMRY+REGP    PMEGP**

### പ്രധാനമന്ത്രി ആദർശ് ഗ്രാമ യോജന (PMAGY)

- ആരംഭിച്ച വർഷം - **2009-10** (11ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **മൻമോഹൻസിങ്**
- PMAGY ആദ്യം നടപ്പിലാക്കിയത് - **ശ്രീ ഗംഗാ നഗർ ജില്ലയിലെ 18 B.B വില്ലേജിൽ**
- **ലക്ഷ്യം** - 50% പട്ടികജാതിക്കാരുള്ള ഗ്രാമങ്ങളുടെ ത്വരിതഗതിയിലുള്ള വികസനം
- എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള മാതൃകാ ഗ്രാമങ്ങൾ (ആദർശഗ്രാമം) സൃഷ്ടിക്കുക.
- പട്ടികജാതിക്കാരും മറ്റുള്ളവരുമായുള്ള സാമൂഹിക സാമ്പത്തിക അന്തരം കുറയ്ക്കുക.

### സമഗ്ര ആവാസ് യോജന (SAY)

- ആരംഭിച്ച വർഷം - **1999-2000** (9ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **എ.ബി. വാജ്പേയ്**
- നടപ്പിലാക്കുന്നത് - **കേന്ദ്ര ഗ്രാമീണ വികസന മന്ത്രാലയം**
- **ലക്ഷ്യം** - ഗ്രാമപ്രദേശങ്ങളിൽ പാർപ്പിട സൗകര്യം, ശുചിത്വം, കുടിവെള്ള ലഭ്യത എന്നിവ വർധിപ്പിക്കുക
- പദ്ധതി ആദ്യഘട്ടത്തിൽ 24 സംസ്ഥാനങ്ങളിലെ 25 ജില്ലകളിൽ വീതവും ഒരു കേന്ദ്രഭരണ പ്രദേശത്തും പദ്ധതി നടപ്പിലാക്കി.
- ഈ പദ്ധതി ലഭ്യമാക്കുന്നതിന് 10% മുതൽമുടക്ക് ഉപഭോക്താവ് നൽകേണ്ടതാണ്.
- SAYയുടെ നോഡൽ ഓഫീസർ - **ജില്ലാ കളക്ടർ**

### വാൽമീകി അംബേദ്ക്കർ ആവാസ് യോജന (VAMBAY)

- ആരംഭിച്ച വർഷം - **2001 ഡിസംബർ 2** ( 9ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **എ.ബി വാജ്പേയ്**
- **ലക്ഷ്യം** - നഗരചേരികളിലെ ദാരിദ്ര രേഖയ്ക്ക് താഴെ ജീവിക്കുന്നവർക്ക് വീട് നിർമ്മിക്കുന്നതിനും പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സഹായം നൽകുക, നഗരശുചിത്വം നിലനിർത്തുന്നതിന് നിർമ്മൽ ഭാരത് അഭിയാൻ പദ്ധതിയുടെ കീഴിൽ ശൗചാലയങ്ങൾ നിർമ്മിക്കുക.
- ഈ പദ്ധതിക്ക് 50% സബ്സിഡി കേന്ദ്ര ഗവൺമെന്റും 50% സംബ്സിഡി സംസ്ഥാന സർക്കാറുകളും നൽകുന്നു.
- VAMBAY പദ്ധതി ആദ്യമായി തുടങ്ങിയസ്ഥലം - **ഹൈദരാബാദ്**
- ചേരിനിവാസികൾക്ക് വേണ്ടി മാത്രം നടപ്പാക്കിയ ആദ്യത്തെ പദ്ധതി - **VAMBAY**
- VAMBAY യോടൊപ്പം നിലവിൽ വന്ന പദ്ധതി - **നിർമൽ ഭാരത് അഭിയാൻ**
- നിർമൽ ഭാരത് അഭിയാന്റെ ബ്രാന്റ് അംബാസിഡർ - **വിദ്യാബാലൻ**

### അർബൻ ബേസിക് സർവ്വീസ് ഫോർ പുവർ (UBSP)

- ആരംഭിച്ച വർഷം - **1990-91**
- ലക്ഷ്യം - നഗരചേരികളിലെ ആളുകളുടെ ജീവിത നിലവാരം ഉയർത്തുക
- ഇത് ജവഹർ റോസ്ഗാർ യോജന (JRY) യുടെ ഉപപദ്ധതിയാണ്.
- ഈ പദ്ധതിയുടെ ചെലവ് 60:40 എന്ന അനുപാതത്തിൽ കേന്ദ്രവും സംസ്ഥാന ഗവൺമെന്റും ചേർന്ന് വഹിക്കുന്നു.
- 1997 ഡിസംബർ 1ന് ഈ പദ്ധതി **സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന (SJSRY)** യിൽ ലയിച്ചു.

### പ്രൈം മിനിസ്റ്റേഴ്സ് ഇന്റഗ്രേറ്റഡ് അർബൻ പോവർട്ടി ഇറാഡിക്കേഷൻ പ്രോഗ്രാം (PMIUPEP)

- ആരംഭിച്ചത് - **1995 നവംബർ 18**
- നടപ്പിലാക്കിയത് - **പി.വി. നരസിംഹ റാവു**
- ലക്ഷ്യം - നഗരങ്ങളിലെ ദാരിദ്യം തുടച്ചുനീക്കുക.
- ഈ പദ്ധതി ആദ്യമായി തുടങ്ങിയത് - **ചങ്ങനാശ്ശേരി, കോട്ടയം**
- ഈ പദ്ധതി പ്രകാരം തൊഴിൽരഹിതരെ സ്വയം തൊഴിലിനായി പരിശീലിപ്പിക്കുന്നു.
- 1997 ഡിസംബർ 1ന് ഇത് സ്വർണ്ണജയന്തി ഷഹരി യോജനയിൽ ലയിച്ചു.

Career Focus

### സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (SJSRY)

- ആരംഭിച്ച വർഷം - **1997 ഡിസംബർ 1 (**9ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **ഐ.കെ ഗുജറാൾ**
- ലക്ഷ്യം - നഗരങ്ങളിലെ തൊഴിൽരഹിതരും 9-ാം ക്ലാസിനു മുകളിൽ വിദ്യാഭ്യാസമുള്ളവരുമായ ആളുകൾക്ക് മൈക്രോ എന്റർപ്രൈസുകൾ തുടങ്ങാനാവശ്യമായ പരിശീലനം നൽകുക
- കേന്ദ്രഗവൺമെന്റും സംസ്ഥാനഗവൺമെന്റും ചിലവുകൾ നിർവഹിക്കുന്ന അനുപാതം - **75:25**
- SJSRY യുടെ പുനർമാതൃക - **നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ (NULM)**

### നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ (NULM)

- ആരംഭിച്ച വർഷം - **2012**
- **SJSRY** ക്ക് ശേഷം നിലവിൽ വന്ന പദ്ധതി - **NULM**
- നടപ്പിലാക്കിയത് - **Dr. മൻമോഹൻസിംഗ്**
- **ലക്ഷ്യം** - നഗരങ്ങളിലെ ദാരിദ്ര്യം കുറയ്ക്കുന്നതിന് സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിച്ച് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.

### നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം (NSAP)

- ആരംഭിച്ചവർഷം - **1995 ഓഗസ്റ്റ് 15**
- നടപ്പിലാക്കിയത് - **പി.വി നരസിംഹറാവു**
- **ലക്ഷ്യങ്ങൾ** - ഇന്ത്യാ ഗവൺമെന്റിന്റെ പെൻഷൻ പദ്ധതി
- ഇതിന് പ്രധാനമായും 5 ഭാഗങ്ങളുണ്ട്.
  1. ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് പെൻഷൻ സ്കീം (IGNOAPS)
  2. നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം (NFBS)
  3. അന്നപൂർണ്ണ
  4. ഇന്ദിരാഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം
  5. ഇന്ദിരാഗാന്ധി നാഷണൽ ഡിസബിലിറ്റി പെൻഷൻ സ്കീം

Career Focus

- **IGNOAPS** - ആരംഭിച്ചത് 2007 നവംബർ 19ന്. ഇത് പ്രകാരം BPL പട്ടികയിലുള്ള 60 മുതൽ 79 വയസ്സുള്ളവരെയുള്ള ആളുകൾക്ക് പ്രതിമാസം 300 രൂപ പെൻഷൻ, 80 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് 500 രൂപ പെൻഷൻ
- **NFBS** - NFBS സ്കീം പ്രകാരം കുടുംബത്തിലെ വരുമാന സ്രോതസ്സായ വ്യക്തി മരിക്കുകയാണെങ്കിൽ (18 മുതൽ 64 വയസ്സുവരെ) BPL കുടുംബത്തിന് 20000 രൂപ വരെ ധനസഹായം ലഭിക്കാം.
- **അന്നപൂർണ്ണ പദ്ധതി -** തുടങ്ങിയത് 2000 ഏപ്രിൽ 1ന്
- ഇത് പ്രകാരം 10 കിലോഗ്രാം ധാന്യം സൗജന്യമായി നൽകുന്നു.
- ഇന്ദിരാഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം - **ഇന്ദിരാഗാന്ധി നാഷണൽ വിഡോ** പെൻഷൻ സ്കീം പ്രകാരം 49 വയസ്സിനും 59 വയസ്സിനുമിടയിലുള്ള വിധവകൾക്ക് 300 രൂപ പ്രതിമാസ പെൻഷൻ നൽകുന്നു.
- **ഇന്ദിരാഗാന്ധി നാഷണൽ ഡിസബിലിറ്റി സ്കീം -** ഇന്ദിരാഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം പ്രകാരം ശാരീരികമോ മാനസീകമായോ വൈകല്യമുള്ള ആളുകൾക്ക് (18 മുതൽ 59 വരെ പ്രായം) മാസം 300 രൂപ പ്രതിമാസ പെൻഷൻ

### മിഡ് ഡേ മീൽ സ്കീം ( MDM)

- ആരംഭിച്ച വർഷം - **1995 ആഗസ്റ്റ് 15 (**8ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **പി.വി നരസിംഹറാവു**
- **ലക്ഷ്യങ്ങൾ** - വിദ്യാർത്ഥികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുക, സ്കൂളിലെ ഹാജർനില ഉയർത്തുക
- ലോകത്തിലെ ഏറ്റവും വലിയ ഉച്ചഭക്ഷണപദ്ധതി - **മിഡ് ഡേ മീൽ സ്കീം**
- 2007ൽ യു.പി. സ്കൂൾ വിദ്യാർത്ഥികൾക്കും പദ്ധതിയുടെ ഗുണഫലങ്ങൾ ലഭിച്ചു.
- പദ്ധതി ആദ്യ നടപ്പിലാക്കിയ സംസ്ഥാനം - **തമിഴ്നാട്**
- കേരളത്തിൽ MDM പദ്ധതി ആരംഭിച്ച വർഷം - **1984**
- ഇന്ത്യ മുഴുവൻ ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയത് - **2008 ഏപ്രിൽ 1 മുതൽ**
- ഈ പദ്ധതി പ്രകാരം ഒരു കുട്ടിക്ക് ഉച്ചഭക്ഷണത്തിലൂടെ 300 കലോറിയും 8 മുതൽ 12 ഗ്രാം വരെ പ്രോട്ടീനും ഉറപ്പാക്കി.
- യു.പി സ്കൂൾ വിദ്യാർത്ഥികൾക്ക് 700 കലോറിയും 20 ഗ്രാം പ്രോട്ടീനും

- **മെമ്പർ ഓഫ് പാർലമെന്റ് ലോക്കൽ ഏരിയ ഡവലപ്മെന്റ് സ്കീം**
- ആരംഭിച്ച വർഷം - **1993 ഡിസംബർ 23**
- നടപ്പിലാക്കിയത് - **പി.വി നരസിംഹ റാവു**
- ഈ പദ്ധതിപ്രകാരം എം.പി മാർക്ക് തങ്ങളുടെ മണ്ഡലങ്ങളിൽ വികസന പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ ലഭിക്കുന്നു.
- നോമിനേറ്റഡായ പാർലമെന്റ് അംഗങ്ങൾക്ക് രാജ്യത്തിലെ ഏതൊരു ജില്ലയേയും പദ്ധതിക്കുവേണ്ടി തിരഞ്ഞെടുക്കാവുന്നതാണ്.

### രാഷ്ട്രീയ സ്വാസ്ത്യ ബീമ യോജന (RSBY)

- ആരംഭിച്ചവർഷം - **ഏപ്രിൽ 1 2008**
- ദേശീയ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി - **RSBY**
- നടപ്പിലാക്കിയത് - **മൻമോഹൻ സിങ്**
- ലക്ഷ്യം- **BPL** കുടുംബങ്ങൾക്ക് സൗജന്യ ചികിത്സയ്ക്കായി 30000 രൂപ നൽകുക

### ജനശ്രീ ബീമ യോജന (JBY)

- ആരംഭിച്ചവർഷം - **2000**
- നടപ്പിലാക്കിയത് - **എ.ബി. വായ്പേയ്**
- **ലക്ഷ്യങ്ങൾ** - 18 മുതൽ 60 വയസ്സ് വരെയുള്ള ആളുകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുക,
- സോഷ്യൽ സെക്യൂരിറ്റി ഗ്രൂപ്പ്, ഇൻഷുറൻസ് പദ്ധതി, റൂറൽ ഗ്രൂപ്പ്, ലൈഫ് ഇൻഷുറൻസ് പദ്ധതി എന്നിവയ്ക്ക് പകരമായി വന്ന പദ്ധതിയാണ് - **ജനശ്രീഭീമയോജന**
- ജനശ്രീ ബീമ യോജനയുടെ ചുമതല വഹിക്കുന്നത് - **LIC**
- 2007-ൽ ഈ പദ്ധതി ആം ആദ്മി ബീമാ യോജനയിൽ ലയിച്ചു.
- JBY ആം ആദ്മി ബീമാ യോജനയിൽ ലയിച്ചത് - **2013 ജനുവരി 1.**

### ആം ആദ്മി ബീമ യോജന (AABY)

- ആരംഭിച്ച വർഷം - **2007 ഒക്ടോബർ 2** (11ാം പഞ്ചവത്സര പദ്ധതി)
- **AABY** ആരംഭിച്ച സ്ഥലം - **സിംല**
- നടപ്പിലാക്കിയത് - **Dr. മൻമോഹൻസിംഗ്**
- **ലക്ഷ്യങ്ങൾ** - ഭൂരഹിതരായ ഗ്രാമീണർക്ക് ഇൻഷൂറൻസ് പരിരക്ഷ നൽകുക.
- പദ്ധതിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി - 18 മുതൽ 59 വയസ്സ്
- പദ്ധതിയുടെ പ്രീമിയം തുക - **200 രൂപ**
- ഫണ്ട് കൈകാര്യം ചെയ്യുന്നത് - LIC
- AABY യിൽ ലയിച്ച പദ്ധതി - **ജനശ്രീ ബീമ യോജന (JBY)**

### ജവഹർലാൽ നെഹ്റു ദേശീയ നഗര വികസന പദ്ധതി (JNNRUM)

- (Jawaharlal Nehru National Rural Urban Mission)
- ആരംഭിച്ചവർഷം - **2005 ഡിസംബർ 3** (10ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **Dr. മൻമോഹൻസിംഗ്**
- ഇന്ത്യയിലെ ഏറ്റവും വലിയ നഗരവികസന പദ്ധതി - **JNNRUM**
- ജൻറം (JNNRUM) ഏത് വകുപ്പിന്റെ കീഴിലാണ് - കേന്ദ്ര നഗരവികസന മന്ത്രാലയം
- കേരളത്തിലെ നഗരങ്ങളിലെ വോൾവോ ലോ ഫ്ളോർ ബസ്സുകൾ ജൻറം പദ്ധതിയുടെ ഭാഗമായുള്ളവയാണ്.

### അമൃത് (Atal Mission for Rejuvenation and Urban transformation - AMRUT)

- നിലവിൽ വന്നത് - **2013 ഏപ്രിൽ 29**
- **JNNRUM** എന്ന പദ്ധതിയെ പുനർനാമകരണം ചെയ്ത് നിലവിൽ വന്നത് - AMRUT
- **ലക്ഷ്യം** : നഗരങ്ങളിൽ ജീവിക്കുന്ന ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക

### നാഷണൽ റൂറൽ ഡവലപ്മെന്റ് പ്രോഗ്രാം - NRDP

- NRDP ഒരു നോൺ ഗവൺമെന്റൽ, നോൺ പ്രോഫിറ്റബിൾ പദ്ധതിയാണ്

Career Focus

- NRDPആരംഭിച്ച വർഷം - **1992**
- **ലക്ഷ്യം** : ഗ്രാമങ്ങളിൽ റോഡുകൾ, കുടിവെള്ളത്തിനും കൃഷിക്കുമായി കിണറുകൾ, അംഗനവാടി കെട്ടിടങ്ങൾ തുടങ്ങിയവ നിർമ്മിക്കുക.

### അന്ത്യോദയ അന്ന യോജന (AAY)

- ആരംഭിച്ച വർഷം - **2000 ഡിസംബർ 25** (9ാം പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **എ.ബി വാജ്പേയ്**
- പദ്ധതിയുടെ കീഴിൽ വരുന്നത് - **BPL**കുടുംബങ്ങൾ, ആദിമഗോത്രവിഭാഗങ്ങൾ, വിധവകൾ, 65 വയസ്സിനു മേലുള്ള പാവപ്പെട്ടവരിൽ പാവപ്പെട്ടവരായവർ (Poorest of Poor)
- AAY പദ്ധതിക്ക് നേതൃത്വം വഹിക്കുന്നത് - **ഭക്ഷ്യപൊതുവിതരണവകുപ്പ്**
- **ലക്ഷ്യം** - ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവർക്ക് കുറഞ്ഞ നിരക്കിൽ ധാന്യങ്ങൾ നൽകുക,
- AAY പദ്ധതി പ്രകാരം നിലവിൽ നൽകുന്ന ധാന്യത്തിന്റെ അളവ് - **35 കിലോഗ്രാം**
- AAY പദ്ധതി പ്രകാരം അരിയുടെ വില - **3 രൂപ /kg**
- AAY പദ്ധതി പ്രകാരം ഗോതമ്പിന്റെ വില - **2 രൂപ /kg**
- AAY പദ്ധതിക്ക് അർഹരായ കുടുംബങ്ങൾക്ക് നൽകുന്ന റേഷൻകാർഡായ അന്ത്യോദയ റേഷൻ കാർഡിന്റെ നിറം - **മഞ്ഞ**

### PURA - Provision of Urban Amenities in Rural Areas

- ആരംഭിച്ച വർഷം - **2004**
- PURA പദ്ധതി എന്ന ആശയം മുന്നോട്ടുവെച്ചത് - **എ.പി.ജെ അബ്ദുൾ കലാം** (**Target 3 Billion** എന്ന പുസ്തകത്തിൽ)
- PURA പദ്ധതി ആരംഭിച്ച സംസ്ഥാനം - **ത്രിപുര**
- പദ്ധതിയുടെ ലക്ഷ്യം - പട്ടണങ്ങളോട് ചേർന്നുകിടക്കുന്ന ഗ്രാമങ്ങളിൽ പട്ടണങ്ങളിലേതുപോലുള്ള സൗകര്യങ്ങൾ വർധിപ്പിക്കുക.
- PURA പദ്ധതിക്ക് സാങ്കേതിക സഹായം നൽകുന്നത് - **ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് (ADB)**

Career Focus

### സബല

- **ആരംഭിച്ചത് - 2011 ഏപ്രിൽ 11**
- **ലക്ഷ്യം** - കൗമാരക്കാരായ പെൺകുട്ടികളുടെ ക്ഷേമം
- സബലയുടെ മറ്റൊരു പേര് - **രാജീവ്ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് ഗേൾസ്**
- പദ്ധതിയുടെ കീഴിൽ വരുന്നത് - **11-18 വയസ്സു വരെയുള്ള പെൺകുട്ടികൾ**

### സാക്ഷം ( SAKSHAM)

- കൗമാരക്കാരായ ആൺകുട്ടികളെ സ്വയം പര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതി - **സാക്ഷം**
- രാജീവ്ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ബോയ്സ് അറിയപ്പെടുന്നത് - **സാക്ഷം**
- സാക്ഷം പദ്ധതി ആരംഭിച്ച വർഷം - **2014**
- സാക്ഷം പദ്ധതിയിൽ ഉൾപ്പെടുന്ന കുട്ടികളുടെ പ്രായപരിധി - **11-18**
- സാക്ഷം പദ്ധതിയ്ക്ക് നേതൃത്വം നൽകുന്നത് - **വനിതാ ശിശുക്ഷേമ മന്ത്രാലയം**

### രാജീവ് ആവാസ് യോജന (RAY)

- **RAY**നടപ്പിലാക്കി തുടങ്ങിയ വർഷം - **2011**
- പദ്ധതിയുടെ ലക്ഷ്യം - **ചേരി രഹിത ഇന്ത്യ**
- **RAY**പദ്ധതി പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലാണ്
- പദ്ധതി പ്രകാരം ഇന്ത്യയെ ഏത് വർഷത്തിനുള്ളിലാണ് ചേരിവിമുക്തമാക്കാൻ വിഭാവന ചെയ്തത് - **2022**

### ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന (IGMSY)

- ആരംഭിച്ചത് - **2010 (10-ാം പഞ്ചവത്സര പദ്ധതി)**
- നടപ്പിലാക്കിയ പ്രധാനമന്ത്രി - **മൻമോഹൻ സിങ്**
- **ലക്ഷ്യം** - സ്ത്രീകളുടേയും കുട്ടികളുടേയും പോഷകാഹാര കുറവ് പരിഹരിക്കുക

- പദ്ധതിക്ക് നേതൃത്വം നൽകുന്നത് - **കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം**
- പദ്ധതിയുടെ സേവനം ലഭ്യമാകുന്നത് - **അംഗനവാടി കേന്ദ്രങ്ങളിലൂടെ**
- പദ്ധതിപ്രകാരം 19 വയസ്സിനു മേലെയുള്ള സ്ത്രീകൾക്ക് ആദ്യത്തെ രണ്ട് പ്രസവങ്ങൾക്ക് നൽകുന്ന ഗ്രാന്റ് - **4000 രൂപ**

**ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം (NRHM - National Rural Health Mission)**

- ആരംഭിച്ചത് - **2005 ഏപ്രിൽ 12ന്**
- ലക്ഷ്യങ്ങൾ - **ഗ്രാമീണ മേഖലയിലെ ആരോഗ്യ സംരക്ഷണം**
- പകർച്ചാവ്യാധികൾ തടയുക, ശിശുമരണനിരക്കും മാതൃമരണ നിരക്കും കുറയ്ക്കുക, ജനസംഖ്യാനിയന്ത്രണം, പ്രാഥമികാരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, ആരോഗ്യപരമായ ജീവിത രീതിയെ പ്രോത്സാഹിപ്പിക്കുക എന്നിവ NRHM ന്റെ കീഴിൽ വരും.
- NRHM പദ്ധതിയുടെ സേവനങ്ങൾ ജനങ്ങളിൽ എത്തിക്കുന്ന പ്രവർത്തകർ - **ആശാ പ്രവർത്തകർ (ASHA - Accreditted Social Health Activist)**
- 25 -നും 45-നും ഇടയിൽ പ്രായമുള്ള 8-ാം ക്ലാസ്സ് പാസായിട്ടുള്ള വനിതകളെയാണ് ASHA പ്രവർത്തകരായി തിരഞ്ഞെടുക്കുന്നത്.

**രാഷ്ട്രീയ ബാൽ സ്വാസ്ത്യ കാര്യക്രം (RBSK)**

- ജനിതക വൈകല്യങ്ങളോ രോഗങ്ങളോ ഉള്ള കുട്ടികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുവേണ്ടി NRHM കീഴിൽ വരുന്ന പദ്ധതി - **രാഷ്ട്രീയ ബാൽ സ്വാസ്ത്യ കാര്യക്രം (RBSK)**
- 4 D's (Defects at birth, Deficiencies, Dieseases, Development delays) എന്നിവയുടെ പരിഹാരം ഏത് പദ്ധതിയുടെ കീഴിൽവരുന്നു - **RBSK**

**ദീൻ ദയാൽ ഉപാധ്യായ അന്ത്യോദയ യോജന (DAY )**

- ആരംഭിച്ച വർഷം - **2014 സെപ്റ്റംബർ 25**
- ലക്ഷ്യം - ദരിദ്രർക്ക് തങ്ങളുടെ തൊഴിൽപരമായ കഴിവുകൾ പർദ്ധിപ്പിക്കാൻ പരിശീലനം നൽകുക
- അന്ത്യോദയ ദിവസ് - **സെപ്റ്റംബർ 25**
- അന്ത്യോദയ ദിനമായി ആചരിക്കുന്നത് - **പണ്ഡിറ്റ് ദീനദയാൽ ഉപാധ്യായയുടെ ജന്മദിനം**
- DAY പദ്ധതിയിൽ അംഗമാകാനുള്ള കുറഞ്ഞ പ്രായപരിധി - **15 വയസ്സ്**
- ഗ്രാമങ്ങളിൽ DAY അറിയപ്പെടുന്നത് - **ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന**

Career Focus

**പ്രധാനമന്ത്രി ജൻധൻ യോജന (PMJDY)**

- 2015 ജനുവരിയിൽ ഗിന്നസ് റെക്കോർഡ് നേടിയ കേന്ദ്രസർക്കാർ പദ്ധതി - ജൻധൻ യോജന
- പദ്ധതി നിലവിൽ വന്നത് - **2014 ആഗസ്റ്റ്**
- പദ്ധതി പ്രകാരം നൽകുന്ന ATM കാർഡ് - **റുപേ കാർഡ്**
- പ്രധാനമന്ത്രി ജൻധൻ യോജന പ്രകാരം എല്ലാ കുടുംബങ്ങൾക്കും ബാങ്ക് അക്കൗണ്ട് തുടങ്ങിയ ആദ്യ സംസ്ഥാനം - **കേരളം**
- ജൻധൻ യോജനയുടെ മുദ്രാവാക്യം - **മേരാ ഖാതാ ഭാഗ്യവിധാതാ**
- ജൻധൻ യോജന പദ്ധതിയുടെ കീഴിൽവരുന്ന ബാങ്ക് അക്കൗണ്ടിലേക്ക് ഓവർ ഡ്രാഫ്റ്റായി നൽകുന്ന തുക - **5000 രൂപ**
- ജൻധൻ യോജനയുടെ കീഴിൽവരുന്ന അപകട ഇൻഷൂറൻസിന്റെ ചുമതല വഹിക്കുന്നത് - **നാഷണൽ പേയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യ**

**മേയ്ക്ക് ഇൻ ഇന്ത്യ**

- ആരംഭിച്ച വർഷം - **2014 സെപ്റ്റംബർ 25** (12ാം മത് പഞ്ചവത്സര പദ്ധതി)
- നടപ്പിലാക്കിയത് - **നരേന്ദ്ര മോദി**
- ലക്ഷ്യങ്ങൾ - **ഇന്ത്യയിലെ ഉൽപാദനമേഖലയെ ഉന്നതിയിലെത്തിക്കുക**
- തൊഴിലാളികളുടെ കഴിവ് വർധിപ്പിക്കുക
- പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക
- മെയ്ക്ക് ഇൻ പദ്ധതിയുടെ ലോഗോയിൽ കാണുന്ന മൃഗം - **സിംഹം**

- **സ്വച്ഛ ഭാരത് അഭിയാൻ**
- ആരംഭിച്ച വർഷം - **2014 ഒക്ടോബർ 2 (**12ാം മത് പഞ്ചവത്സര പദ്ധതിയിൽ)
- നടപ്പിലാക്കിയത് - **നരേന്ദ്ര മോദി**
